"ഭരണഭാഷ – മാതൃഭാഷ"
(കേരളസംസ്ഥാനം)
വ്യാവസായിക പരിശീലനവകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ
പി എം ജി, വികാസ് ഭവൻ പി ഒ, തിരുവനന്തപുരം: 695033
ഇമെയിൽ: cru.dttvpm@kerala.gov.in, ഫോൺ: 0471 2303856

---

**DT/6421/2025-C3** തീയതി: **19-12-2025**

---

## ചുറ്ററിയിപ്പ്

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ വിഭാഗം - അഫിലിയേഷൻ നോംസ് 2025 - DGT പുറത്തിറക്കിയ ഏറ്റവും പുതിയ അഫിലിയേഷൻ നോംസ്, അനുബന്ധം എന്നിവ നൽകുന്നത് സംബന്ധിച്ച്

സൂചന:-18.12.2025 തീയതിയിലെ DGT-Aff011/2/2022-O/o DIR (TC) (E File No. 50307) നമ്പരായ DGT യുടെ ചുറ്ററിയിപ്പ്.

നിലവിൽ ഐ ടി ഐ കളുടെ അഫിലിയേഷൻ, അക്രഡിറ്റേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ അഫിലിയേഷൻ നോംസ് 2018 അനുസരിച്ചാണ് സ്വീകരിച്ച് വരുന്നത്. എന്നാൽ ഏറ്റവും പുതിയ അഫിലിയേഷൻ നോംസ് 2025, DGT റിലീസ് ചെയ്തിട്ടുള്ള വിവരം, സൂചന ചുറ്ററിയിപ്പിലൂടെ DGT പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ചുറ്ററിയിപ്പ്, അനുബന്ധം എന്നിവ DGT യുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതിനോടകം തന്നെ അഫിലിയേഷനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷകൾ, കൂടാതെ നിലവിൽ അഫിലിയേഷൻ നടപടികൾ നടന്നു കൊണ്ടിരിക്കുന്ന ശുപാർശകൾ എന്നിവയിന്മേൽ അഫിലിയേഷൻ നോംസ് 2018 അനുസരിച്ചുള്ള നടപടികൾ തന്നെ തുടരാമെന്നും DGT അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ DGT യുടെ പ്രസ്തുത അറിയിപ്പ് തീയതി മുതലുള്ള അഫിലിയേഷൻ/അക്രഡിറ്റേഷൻ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ ആവശ്യമായ നടപടികളും അഫിലിയേഷൻ നോംസ് 2025 അനുസരിച്ച് സ്വീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. സൂചന പ്രകാരമുള്ള DGT യുടെ ചുറ്ററിയിപ്പ്, അനുബന്ധം എന്നിവയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

അഡീഷണൽ ട്രെയിനിംഗ് ഡയറക്ടർ

Signed by
Vasudevan P
Date: 19-12-2025 12:50:53

ഉള്ളടക്കം: 18.12.2025 തീയതിയിലെ DGT യുടെ ചുറ്ററിയിപ്പ്, അനുബന്ധം

സ്വീകർത്താവ്:

1. സ്പെഷ്യൽ ഓഫീസർ, സ്യുട്ട്, കേരള, കഴക്കൂട്ടം
2. ജോയിന്റ് ഡയറക്ടർ, മേഖല കേന്ദ്രം, കണ്ണൂർ
3. എല്ലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും
4. എല്ലാ സർക്കാർ ഐ ടി ഐ പ്രിൻസിപ്പാൾമാർക്കും
5. എല്ലാ SCDD/STDD പ്രിൻസിപ്പാൾമാർക്കും
6. ഐ ടി സെൽ മാനേജർ ( ഏറ്റവും പുതിയ അഫിലിയേഷൻ നോംസ്

**2025**ചുറ്ററിയിപ്പ്, അനുബന്ധം, ചുറ്ററിയിപ്പ്എന്നിവ  വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )